ഐസി5-3363/2024

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും
തിരുവനന്തപുരം
തീയതി: 30.11.2024

## നോട്ടീസ്

വിഷയം- ജലസേചനം-ജീവനക്കാര്യം- ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്കും എൽ.ഡി.ക്ലാർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനം നൽകുന്നതിനായി പ്രസിദ്ധീകരിച്ച കണ്ണൂർ ജില്ലാതല മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട ശ്രീ.അഖിൽ.ടി.സി (പെൻ:852740), ഓഫീസ് അറ്റൻഡന്റിന്റെ സീനിയോറിറ്റി പുന:ക്രമീകരിക്കുന്നത്-സംബന്ധിച്ച്

സൂചന:-(1) ഈ കാര്യാലയത്തിലെ 21.05.2024 തീയതിയിലെ ഐസി5-70544/2022 നമ്പർ ഉത്തരവ്

(3) G.O(P) No.5/2010/P&ARD, തീയതി 04.03.2010

(4) ഇറിഗേഷൻ നോർത്ത് സർക്കിൾ, കോഴിക്കോട് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 25.07.2024 തീയതിയിലെ ഇ1-3136/2024 നമ്പർ കത്ത്

സൂചന 1 പ്രകാരം പ്രസിദ്ധീകരിച്ച ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്കും എൽ.ഡി.ക്ലാർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനം നൽകുന്നതിനായുള്ള കണ്ണൂർ ജില്ലാതല മുൻഗണനാപട്ടികയിൽ (Appendix-13) ഉൾപ്പെട്ടിട്ടുള്ള ശ്രീ.അഖിൽ.ടി.സി (ക്രമ നം.49) 'ടി'യാളുടെ സീനിയോറിറ്റി പുന:ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട് സൂചന(3) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷയും അനുബന്ധരേഖകളും പരിശോധിച്ചതിൽ നിന്നും സൂചന (2) ഉത്തരവ് പ്രകാരം പ്രസ്തുത അപേക്ഷ പരിഗണിക്കാവുന്നതാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

ശ്രീ.അഖിൽ.ടി.സി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, കണ്ണൂർജില്ലാ ഓഫീസറുടെ 15.12.2018-ലെ CV(3)2642/17-3നം അഡ്വൈസ് മെമ്മോ പ്രകാരം 'Head Quarters' ഒഴിവിൽ സംസ്ഥാന ആസൂത്രണ ബോർഡിന്റെ തിരുവന്തപുരം ആസ്ഥാന കാര്യാലയത്തിൽ 11.01.2019 പൂർവ്വാഹ്നത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. തുടർന്ന് അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിച്ചതിനെ തുടർന്ന് 26.07.2019 പൂർവ്വാഹ്നം മുതൽ ജലസേചന വകുപ്പിൽ കണ്ണൂർ ജില്ലയിൽ, ഓഫീസ്

അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്നു. 'ടി' യാൾ 04.03.2020 പ്രാബല്യത്തിൽ പ്രസ്തുത തസ്തികയിലെ പരിവീക്ഷാകാലാവധി പൂർത്തിയാക്കിയിട്ടുണ്ട്.

ശ്രീ.അഖിൽ.ടി.സി, ഓഫീസ് അറ്റൻഡന്റിന് മേൽ പരാമർശിച്ച അന്തിമ മുൻഗണനാപട്ടികയിൽ ജലസേചന വകുപ്പിൽ പ്രസ്തുത തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി (26.07.2019) പ്രാബലയത്തിൽ കണ്ണൂർ ജില്ലാതല അന്തിമ മുൻഗണനാ പട്ടികയിൽ 49-ആം റാങ്ക് നൽകിയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 'ടി' യാളുടെ അപ്പീൽ അപേക്ഷയോടൊപ്പം സമർപ്പിച്ച രേഖകൾ പരിശോധിച്ചതിൽ നിന്നും പരാമർശം (2) ഉത്തരവിലെ Para(2) Note (3) പ്രകാരം ശ്രീ.അഖിൽ.ടി.സി യ്ക്ക് അഡ്വൈസ് തീയതി (15.12.2018) അനുസരിച്ചുള്ള സീനിയോറിറ്റി അനുവദനീയമാണ്. ആയതിനാൽ നിലവിൽ ക്രമനം. 49 ആയ ശ്രീ.അഖിൽ.ടി.സി, ഓഫീസ് അറ്റൻഡന്റിനെ ക്രമ നം. 47 ആയും 47,48 ക്രമ നമ്പറുകൾ യഥാക്രമം 48,49 ആും ഉൾപ്പെടുത്തി കണ്ണൂർജില്ലാതല അന്തിമ മുൻഗണനാ പട്ടിക ചുവടെ ചേർക്കും പ്രകാരം പുന:ക്രമീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

| ക്രമനം. | പേര്/പെൻനം. | അഡ്വൈസ് നമ്പറും തീയതിയും | നിയമന ഉത്തരവും തീയതിയും |
|---|---|---|---|
| 47 | അഖിൽ.ടി.സി<br>852740 | CV(3)2642/17-03<br>dtd.15.12.2018 KPSC, Kannur | E3/46675/17/SPB<br>dtd.27.12.2018 S.A.O, State Planning Board TVPM |
| 48 | Sajith.S<br>866807 | CV(3)3699/16(1)<br>dtd.19.02.2019 | B6/38930/2015(1)<br>dtd.15.06.2019 |
| 49 | Sasidharan.A.K.<br>852501 | CV(5)2385/14(4)<br>dtd.14.06.2019 KPSC, Kannur | B7/29599/2016 Vol.II dtd. 05.07.2019 |

ഇതിൻമേൽ പരാതിയോ, ആക്ഷേപമോ ഉള്ളവർ വസ്തുത തെളിയിക്കുവാൻ മേലധികാരി സാക്ഷ്യപ്പെടുത്തിയ രേഖകൾ സഹിതം ഈ നോട്ടീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ഈ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്. പ്രസ്തുത തീയതിയ്ക്കുള്ളിൽ പരാതികൾ ഒന്നും തന്നെ ലഭ്യമായില്ല എങ്കിൽ 'ടി' ജീവനക്കാരുടെ പേരുകൾ മേൽ പരാമർശിച്ച ക്രമത്തിൽ പ്രസ്തുത മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തുന്നതാണ്

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർക്കുവേണ്ടി
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

പകർപ്പ്

1. വ്യക്തികൾക്ക്
   (ഓഫീസ് മേലധികാരി മുഖേന)
2. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഇറിഗേഷൻ
   നോർത്ത് സർക്കിൾ, കോഴിക്കോട്
3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ
   സബ് ഡിവിഷൻ തലശ്ശേരി
4. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
   ഐ.ടി സെൽ, ഇറിഗേഷൻ(നോട്ടീസ്
   വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
5. കരുതൽ/അധികം